**മാസ്മിന്മഹാരാജ കൃഥാ: സ്മചിന്താം നിശാമയാസ്മദ്വച ആദൃതാത്മാ
യദ്ധ്യായതോ ദൈവഹതം നു കർത്തും മനോഽതിരുഷ്ടം വിശതേ തമോഽന്ധം (4-19-34)**

മൈത്രേയൻ തുടർന്നു:
രാജസൂയങ്ങളിൽവെച്ച് ഏറ്റവും ഉന്നതമായ നൂറ് അശ്വമേധയാഗങ്ങൾ നടത്താൻ പൃഥുരാജൻ തീരുമാനിച്ചു. നൂറു യാഗങ്ങളും വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് ദേവദേവനായ ഇന്ദ്രന്റെ സ്ഥാനം ലഭിക്കും. ഇന്ദ്രൻ സ്വയം ഇപ്രകാരമുള്ള യാഗം നടത്തിയിട്ടത്രെ ആ സ്ഥാനം ലഭിച്ചത്. പൃഥുരാജൻ തൊണ്ണൂറ്റിയൊൻപത് യാഗങ്ങൾ നടത്തിയപ്പോഴേക്കും ഇന്ദ്രന് അസൂയയായി. നൂറാമതുയാഗം ഏതു വിധേനയും മുടക്കുവാൻ ഇന്ദ്രൻ തിരുമാനിച്ചു.

യാഗാശ്വമായ കുതിരയെ ഇന്ദ്രൻ മോഷ്ടിച്ചൊളിച്ചു വച്ചു. ആകാശവീഥിയിൽ പറക്കുന്ന ഇന്ദ്രനെ കണ്ട ഒരു പുരോഹിതൻ, പൃഥുവിന്റെ പുത്രനോട് ഇന്ദ്രനെ നേരിടുവാൻ ആഹ്വാനം ചെയ്തു. പാരമ്പര്യങ്ങളെ ധിക്കരിച്ച് ഒരു ഭിക്ഷാംദേഹിയായി ഇന്ദ്രൻ വേഷംകെട്ടിനടന്നു. അങ്ങിനെയുള്ള ഒരാളെ കൊല്ലാൻ പൃഥുപുത്രന് മടിയായിരുന്നു. പക്ഷെ യാഗപുരോഹിതനായ അത്രിമുനി പറഞ്ഞു: "അവനോട് ദയ കാണിക്കേണ്ട കാര്യമില്ല, യാഗം മുടക്കാൻ ശ്രമിച്ചവനാണയാൾ". പൃഥുവിന്റെ പുത്രൻ വീണ്ടും ഇന്ദ്രനെ പിന്തുടരവേ സ്വയം കുതിരയെ ഉപേക്ഷിച്ച് ഇന്ദ്രൻ അപ്രത്യക്ഷനായി. പൃഥുവിന്റെ പുത്രൻ "വിജാതാശ്വൻ" എന്നറിയപ്പെട്ടു.

ഇന്ദ്രൻ വീണ്ടും തന്റെ കളി തുടർന്നു. കുതിരയെ മോഷ്ടിച്ച് വിചിത്രമായ ഒരു താപസവേഷത്തിൽ നടന്നു. അത്രിയും വിജിതാശ്വനും വീണ്ടും ഇന്ദ്രനെ പിന്തുടർന്ന് കുതിരയെ വീണ്ടെടുത്ത് യാഗം പൂർത്തീകരിക്കാൻ പരിശ്രമിച്ചു. ഇന്ദ്രൻ കുതിരയെ വിട്ടുകൊടുത്ത് വീണ്ടും മറഞ്ഞിരിപ്പായി. ഇന്ദ്രന്റെ പ്രവൃത്തികൾ, വിചിത്രമായ ഒരു താപസപരമ്പര തന്നെ ഉണ്ടാക്കി. പാരമ്പര്യങ്ങളെ ധിക്കരിച്ച ഇവർ ധാർമ്മീകതയെ വെല്ലു വിളിച്ചു. ധർമ്മത്തെ അധർമ്മമായും, അധർമ്മത്തെ ധർമ്മമായും കണക്കാക്കി അവർ പ്രവർത്തിച്ചു. യാഗങ്ങളെ തകർക്കൽ അവർക്ക് സൽക്കർമ്മങ്ങളായി. ഇതെല്ലാം പ്രഥുരാജനെ ക്രുദ്ധനാക്കി. രാജാവ് സ്വയം ഇന്ദ്രനെ നേരിടാൻ തീരുമാനിച്ചു.

മുനിമാർ ഇതുകണ്ട് പരിഭ്രമിച്ചു. അദ്ദേഹത്തെ തടഞ്ഞുനിർത്തി, ഇന്ദ്രനെ പരാജയപ്പെടുത്താൻ അഗ്നിയിൽ നിവേദിക്കേണ്ട ഒരാഹുതിയെപ്പറ്റി അവർ രാജാവിനെ മനസ്സിലാക്കി. മുനിമാർ ഇതുചെയ്യാൻ തുടങ്ങിയപ്പോഴേയ്ക്കും സൃഷ്ടാവ് മുന്നിലെത്തി രാജാവിനോട് ഇങ്ങിനെ പറഞ്ഞു: "നീ ശിക്ഷിക്കാൻ പോകുന്ന ഇന്ദ്രനും, ആ പരമാത്മാവിന്റെ പ്രത്യക്ഷരൂപം തന്നെ. എന്നിട്ടും ബ്രാഹ്മണാ, അവൻ അധർമ്മ മാർഗ്ഗത്തിലൂടെ ദിവ്യമായ ഒരു യാഗം തടയാൻ ഒരുമ്പെടുന്നു. അസൂയയും ഭയവും കൊണ്ടാണവൻ അങ്ങിനെ ചെയ്യുന്നത്. അവനത് തുടരുകയും ചെയ്യും. മഹാരാജൻ, ഇന്ദ്രന്റെ സിംഹാസനംകൊണ്ട് അങ്ങേയ്ക്ക് എന്താണൊരു നേട്ടം?. നിങ്ങൾ രണ്ടും ഭഗവാൻ വിഷ്ണുവിന്റെ അംശങ്ങളത്രെ. അപ്പോൾ നിന്റെ തന്നെ അഹങ്കാരഭാവത്തോട് ശത്രുത പുലർത്തിയിട്ടെന്തു കാര്യം?

ദേവഹിതത്തിനെതിരായി വർത്തിക്കാനൊരുങ്ങുന്ന മനസ്സിൽ ക്രോധം വളരുന്നു. ഞങ്ങളുടെ ഉപദേശം കേട്ടാലും. യാഗം ഒരെണ്ണം കുറഞ്ഞങ്ങിനെ നിന്നുകൊള്ളട്ടെ. ഇന്ദ്രന് തന്റെ സിംഹാസനം തുടർന്നും ലഭിക്കട്ടെ. ഇതുമൂലം ഈ കലഹം തീരുകയും അധാർമ്മീകരുടെ പരമ്പരയ്ക്ക് അറുതിവരുകയും ചെയ്യും." പൃഥുരാജൻ, ബ്രഹ്മാവിന്റെ ഉപദേശം സ്വീകരിച്ച് യാഗം നിർത്തിവെച്ചു. നൂറാമത്തെ യാഗം നടത്താതെ എല്ലാവർക്കും സമാധാനവും സംതൃപ്തിയും നൽകി പൃഥുരാജൻ തന്റെ ത്യാഗമനോഭാവം പ്രകടമാക്കി.